ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സ്റ്റേറ്റ് ഫോഴ്സസ് ഇന്ത്യൻആർമിയിൽ ലയിപ്പിച്ചതിനുശേഷം പിരിച്ചുവിട്ട പട്ടാളക്കാരിൽ ആരെയെങ്കിലും ഗവണ്മെൻറ്സർവ്വീസിൽ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതേവരെയും സർവ്വീസിൽ നിയമനം കിട്ടാത്തവരുടെ കാര്യത്തിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപടി നടത്തിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുമൂന്നുതരത്തിൽ അതിനു നടപടി എടുത്തുവരുന്നുണ്ട്.

INSPECTORS OF POLICE

*1174. [19] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state:

(*a*) the number of vacancies in the places of First and Second Grade Inspectors of Police now kept vacant;

(*b*) when did the earliest of these vacancies occur; and

(*c*) the total number of vacancies filled since that date?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) There is no post of 'Inspector of Police';

(*b*) & (*c*) Do not arise.

I do not want to stand on formalities. For information I may say this. There are 10 vacancies in the first grade and 38 in the second grade. Of these, 8 vacancies are reserved for prosecuting sub-Inspectors to be recruited shortly.

UNSTARRED QUESTIONS

സിവിൽ സപ്ലൈസ് കമ്മീഷണർ

ക ൬ (ക) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ?

(എ) സിവിൽ സപ്ലൈസ് കമ്മീഷണർ ശ്രീ. വി. കെ. ആർ. മേനോൻ ഈയിടെ ലീവ് എടുത്തപ്പോൾ ആരെയാണ് പകരം നിയമിച്ചത്?

(ബി) യഥാർത്ഥ അവകാശിയായ എറണാകുളത്തെ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കുഞ്ഞൻനായരെ പകരം നിയമിക്കണമെന്നു കമ്മീഷണറും അന്നത്തെ ഫുഡ്മിനിസ്റ്ററും ശക്തിയായി ശുപാർശചെയ്തിട്ടും ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ടതിന്റെ കാരണം എന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ആരേയും പകരം നിയമിക്കുകയുണ്ടായില്ല. തിരുവനന്തപുരം ഡെപ്യൂട്ടികമ്മീഷണർക്ക് ചാർജ്ജു കൊടുക്കുകയാണ് ഉണ്ടായത്.

(ബി) ആരേയും പകരം നിയമിക്കാഞ്ഞതുതൊണ്ട് ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ട എന്നു പറയുവാൻ തരമില്ല.

PAY OF NURSES, ETC.

126. [2] **Sri. Eapen Arakkal:** Will the Hon'ble Minister for Medical be pleased to state:

LIBRARY ARCHIVES Kerala Legislative Assembly